**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3358** **15-02-2024 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങൾ വിനോദസഞ്ചാര സ്പോട്ടുകളാക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങൾ നവീകരിച്ചും ലൈറ്റിംഗ് നടത്തിയും വിനോദസഞ്ചാര സ്പോട്ടുകളാക്കുന്ന പദ്ധതി സംസ്ഥാനത്ത് എവിടെയൊക്കെ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങൾ നവീകരിച്ചും ലൈറ്റിംഗ് നടത്തിയും വിനോദസഞ്ചാര സ്പോട്ടുകളാക്കുന്ന പദ്ധതിയുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് പാലങ്ങളുടെ അധീനതയിലുള്ള കോഴിക്കോട് ജില്ലയിലെ ഫറോക്ക് പഴയ പാലം ദീപാലംകൃതമാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിനു സമീപമുള്ള ഫ്ലൈ ഓവർ ദീപാലംകൃതമാക്കുന്നതിന് സ്മാർട്ട് സിറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിൽ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന പാലങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന പാലങ്ങളുടെ ലിസ്റ്റ് അന്തിമമായിട്ടില്ല. |
| (സി) | മുക്കം കടവ് പാലത്തിനെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | മുക്കം കടവ് പാലം ദീപാലംകൃതമാക്കുന്നതിന് മുന്നോടിയായി പരിശോധന നടത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിൽ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ